File No.DIC/6/2020-EC3

DIC/06/2020-EC3

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്
തിരുവനന്തപുരം,തീയതി : 05/06/2020

**സർക്കുലർ**

വിഷയം:- വ്യവസായം -ജീവനക്കാര്യം - സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് അപേക്ഷ ക്ഷണിക്കുന്നു .

സൂചന :- 25 02.2017 തീയതിയിലെ സ.ഉ.(പി).നം: 03/2017 /ഉ.ഭ.പ.വ

സൂചനയിൽ പ്രതിപാദിച്ച സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനും വേണ്ടി അപേക്ഷകൾ ക്ഷണിക്കുന്നു . ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ധിഷ്ട മാതൃകയിൽ **20.06.2020 നു മുൻപായി** അപേക്ഷകൾ സമർപ്പിക്കേണ്ടതാണ് . പ്രസ്തുത തീയതിക്ക് ശേഷം ഈ ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല .

ഒരു ജില്ലയിൽ മൂന്നു വർഷത്തിൽ കൂടുതൽ കാലം സേവനം പൂർത്തിയാക്കിയ ജീവനക്കാരുടെ പട്ടിക അതാതു നിയന്ത്രണാധികാരികൾ പ്രത്യേകമായി തയ്യാറാക്കി 20.06.2020 നു **മുൻപായി** ഇമെയിൽ ആയി നൽകേണ്ടതാണ് **ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷകളിൽ അർഹതയുള്ളവ മാത്രം നിയന്ത്രണാധികാരി സാക്ഷ്യപ്പെടുത്തി ഈ ഓഫീസിൽ തുടർ നടപടിക്കായി സമർപ്പിക്കേണ്ടതാണ് . അപൂർണ്ണമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല .** വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തലത്തിൽ തീർപ്പാക്കാവുന്ന അപേക്ഷകൾ പരിഗണിച്ച 24.06.2020 നു മുൻപായി കരട് പൊതുസ്ഥലംമാറ്റ ഉത്തരവ് പ്രസിദ്ധീകരിക്കുന്നതാണ് . തുടർന്ന് ലഭിക്കുന്ന അപ്പീലുകൾ പരിഗണിച്ച 30.06.2020 നു അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

സീനിയർഅഡ്മിനിസ്ട്രേറ്റീവ്ഓഫീസർ

സ്വീകർത്താവ് :

1. ഡയറക്ടർ,കയർ വികസന വകുപ്പ്
2. ഡയറക്ടർ, കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പ്
3. ജനറൽ മാനേജർ,ജില്ല വ്യവസായ കേന്ദ്രം
4. ഉപജില്ല വ്യവസായ ഓഫീസർ , താലൂക്ക് വ്യവസായ ഓഫീസ്
5. പ്രോജക്ട് ഓഫീസർ (കയർ),കയർ പ്രോജക്ട് ഓഫീസ്